LIBRARY ARCHIVES Kerala Legislative Assembly

ബി.പി.എൽ. കാർഡുടമകൾക്ക് ലഭിക്കാനർഹതയുള്ള റേഷൻ സാധനങ്ങൾ

*4 [64] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, ഡി. സുഗതൻ:

,, എ. പി. അനിൽകുമാർ:

,, കെ. അച്ചുതൻ:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ കാർഡ് ഉടമകൾകൾക്ക് ഒരാഴ്ച എന്തെല്ലാം റേഷൻ സാധനങ്ങൾ കിട്ടാനർഹതയുണ്ട്;

(ബി) ഈ റേഷൻ സാധനങ്ങൾ എഫ്. സി. ഐ.-യിൽ നിന്ന് നൽകാതിരിക്കുന്നുണ്ടോ:

(സി) എങ്കിൽ ഇക്കാരണത്താൽ ബി. പി. എൽ. കാർഡ് ഉടമകൾക്ക് റേഷൻ കടക്കാർ അർഹമായ സാധനങ്ങൾ നൽകാതിരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) റേഷൻ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നത് മാസാടിസ്ഥാനത്തിലാണ്. ബി. പി. എൽ. കാർഡുടമകൾക്ക് ഒരു മാസം 35 കി. ഗ്രാം ഭക്ഷ്യധാന്യങ്ങളും വൈദ്യുതീകരിച്ച വീടുകൾക്ക് രണ്ട് ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് അഞ്ച് ലിറ്റർ മണ്ണെണ്ണയും ആളൊന്നിന് 400 ഗ്രാം പഞ്ചസാരയും ലഭിക്കാൻ അർഹതയുണ്ട്.

(ബി) എഫ്. സി. ഐ.-യിൽ നിന്നും അരിയും ഗോതമ്പും മാത്രമാണ് വിതരണം ചെയ്യുന്നത്. അവ നൽകാതിരിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മിൽമ-മദർ ഡയറി സംയുക്ത സംരംഭം

*5 [65] ശ്രീ. ടി. കെ. ദേവകുമാർ:

,, രാജു എബ്രഹാം:

,, കെ. കെ. ജയചന്ദ്രൻ:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: